**ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പി. ഒ , തിരുവനന്തപുരം 695035,

ഫോൺ: 0471-2302490 ഫാക്സ് 0471-2303025/20303080

ഇ-മെയിൽ dhskerala@gmail.comവെബ്സൈറ്റ് www.dhs.kerala.gov.in

---

ഇ . എച്ച് 1/31371/2025/ ആ.വ .ഡ തീയതി-08-01-2026

## <u>സർക്കുലർ</u>

വിഷയം : ആരോഗ്യ വകുപ്പിലെ ജീവനക്കാരുടെ 2026 -ലെ പൊതു സ്ഥലംമാറ്റം - സ്പാർക്ക് അപ്ഡേഷൻ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പരാമർശം: സ.ഉ.(പി)നം.03/2017/ഉ.ഭ.പ.വ. തീയതി. 25.02.2017.

ആരോഗ്യ വകുപ്പിൽ 2026 -ലെ പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട നടപടികൾ ആരംഭിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും സ്ഥാപന മേധാവികൾക്കും താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

1 . എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരും അവരവരുടെ ജില്ലയിൽ സ്പാർക്ക് അപ്ഡേഷൻ നടത്തുന്നതിന് മേൽ നോട്ടം വഹിക്കുന്നതിനായി ഒരു ഉദ്യോഗസ്ഥനെ (അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്/സീനിയർ സൂപ്രണ്ട്) ചുമതലപ്പെടുത്തി അടിയന്തിരമായി ഉത്തരവാകേണ്ടതും, ഇത്തരത്തിൽ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ ഫോൺ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ **ehsectiondhs@gmail.com** എന്ന ഇ.മെയിൽ വിലാസത്തിൽ ഈ ഓഫീസിൽ അന്നേ ദിവസം തന്നെ റിപ്പോർട്ട് ചെയ്യേണ്ടതുമാണ് .

2. സ്പാർക്കിൽ ഓരോ സ്ഥാപനത്തിലും അനുവദിക്കപ്പെട്ട തസ്തികകൾ, നിലവിലുള്ളവരുടെ എണ്ണം, ഒഴിവുകൾ എന്നിവ കൃത്യമായി അപ്ഡേറ്റ് ചെയ്യുക. അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നവർ, ശൂന്യവേതനാവധിയ്ക്കായി അപേക്ഷ സമർപ്പിച്ചതും എന്നാൽ അവധി അനുവദിക്കുന്നതിനുമുമ്പ് ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നവർ തുടങ്ങി പല സാഹചര്യങ്ങളിൽ ജോലിയിൽ നിന്നും വിട്ടുനിൽ ക്കുന്നവരുടെ PEN സ്പാർക്കിൽ നിലനിൽക്കുന്നുണ്ട്. ഇത്തരത്തിൽ പല സാഹചര്യങ്ങളിൽ ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നവരുടെ വിവരങ്ങൾ

സ്പാർക്കിൽ “**Unauthorized absence**” എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി “**From Date**” , “ **To Date**" എന്നീ ഓപ്ഷനുകളിൽ “ **To Date**" പൊതു സ്ഥലംമാറ്റ നടപടികൾ പൂർത്തിയാകുന്നതിന് ശേഷമുള്ള ഒരു തീയതി (**future date - ex: 31.12.2026**) നൽകി എന്റർ ചെയ്യേണ്ടതാണ്. കൂടാതെ കഴിഞ്ഞ വർഷത്തിൽ ഇത്തരത്തിൽ എൻട്രി ചെയ്തിരുന്നതും ഇപ്പോഴും തൽസ്ഥിതി തുടരുന്നതുമായ ജീവനക്കാരുടെ വിവരങ്ങൾ മേൽ പ്രകാരം വീണ്ടും അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.

**3.** അഡ്ഹോക്ക് പോസ്റ്റിംഗ് നൽകി കാലാവധി കഴിഞ്ഞ് പിരിച്ചു വിട്ടവർ / പുർത്തിയാക്കാതെ പിരിഞ്ഞു പോയവർ , ജോലി രാജിവെച്ചവർ, പിരിച്ചു വിട്ടവർ എന്നിവരുടെ **P E N** അടിയന്തിരമായി ടെർമിനേറ്റ് ചെയ്യേണ്ടതാണ്. കൂടാതെ മരണപ്പെട്ടവർ/ സേവനത്തിൽ നിന്നും വിരമിച്ചവർ എന്നിവരുടെ വിവരങ്ങൾ സ്പാർക്കിൽ കൃത്യമായി എൻട്രി ചെയ്യേണ്ടതാണ്. **Appx XIIA, XIIB & XIIC** പ്രകാരം അനുവദിച്ചിട്ടുള്ള അവധികൾ എല്ലാം തന്നെ കൃത്യമായി സ്പാർക്കിൽ എൻട്രി ചെയ്യുക.

**4.** മേൽ പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർമാർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ മാർ **17.01.2026** വൈകുന്നേരം **5** മണിയ്ക്ക് മുൻപായി എല്ലാ സ്ഥാപന മേധാവികളും സ്പാർക്ക് അപ്ഡേഷൻ നടത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്

**5.** ജീവനക്കാരുടെ വിവരങ്ങൾ സ്പാർക്കിൽ തെറ്റായി നൽകുക, മറച്ച് വയ്ക്കുക, എൻട്രി ചെയ്യുന്നതിൽ വീഴ്ച വരുത്തുക തുടങ്ങി സ്പാർക്ക് അപ്ഡേഷൻ കൃത്യമായി ചെയ്യാത്തതു മൂലം ഏതെങ്കിലും ഒരു ജീവനക്കാരന് സ്ഥലംമാറ്റത്തിനുള്ള അവസരം നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

Signed by
Reena K J
Date: 08-01-2026 20:33:36

ഡോ .കെ. ജെ. റീന
ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ് :

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും /സ്ഥാപന മേധാവികൾക്കും

പകർപ്പ് : ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്